"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ പന്നിയങ്കര റെയിൽവേ മേൽ പ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. കോഴിക്കോട് പ്രിൻസിപ്പൽ സബ്‌കോടതിയുടെ എൽ.എ.ആർ. 1/2018 കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ എൽ.എ. നിയമം 28(എ) പ്രകാരം ശ്രീ സയ്യദ് അലവി മുതൽ പേർക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.657/2026/PWD തിരുവനന്തപുരം,തീയതി 25-06-2026

---

പരാമർശം:-
1. സ.ഉ.(സാധാ)422/2026/PWD തീയതി 13.03.2026
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 20.02.2026 തീയതിയിലെ DCKKD/15647/2025-B4 നമ്പർ നടപടിക്രമം
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 21.05.2026 തീയതിയിലെ CEPWD/6961/2023-FR10-PWD- നം. കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പന്നിയങ്കര റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. കോഴിക്കോട് പ്രിൻസിപ്പൽ സബ്‌കോടതിയുടെ എൽ.എ.ആർ. 1/2018 കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാര തുക പുനർ നിർണ്ണയിച്ച് ലഭിക്കുന്നതിനായി എൽ.എ. നിയമം 28(എ) പ്രകാരം ശ്രീ സയ്യദ് അലവി മുതൽ പേർ അപേക്ഷ സമർപ്പിരുന്നതായും അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടറുടെ പരാമർശം 2 നടപടിക്രമം പ്രകാരം 55,11,930/- രൂപ അംഗീകരിച്ചിട്ടുള്ളതായും പ്രസ്തുത തുകയ്ക്കുള്ള ഭരണാനുമതി 5054-04-337-80-P-C എന്ന ശീർഷകത്തിൽ അനുവദിയ്ക്കാനും പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ പന്നിയങ്കര റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. കോഴിക്കോട് പ്രിൻസിപ്പൽ സബ്‌കോടതിയുടെ എൽ.എ.ആർ.

1/2018 കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ എൽ.എ. നിയമം 28(എ) പ്രകാരം ശ്രീ സയ്യദ് അലവി മുതൽ പേർക്ക് അനുവദിച്ച 55,11,930/- രൂപയും മുൻപ് വിവിധ എൽഎ.ആർ. കേസുകൾക്കായി അനുവദിച്ച 18,77,38,949/- രൂപയും ചേർത്ത് 19,32,50,879/- (പത്തൊൻപത് കോടി മുപ്പത്തി രണ്ട് ലക്ഷത്തി അൻപതിനായിരത്തി എണ്ണൂറ്റി എഴുപത്തിയൊൻപത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി, അധിക തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടെ, അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 5054-04-337-80-P-C എന്ന ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത എം
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം)

ജില്ലാ കളക്ടർ, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&.ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), ഐ.&പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

Signed by Rajesh M R
Date: 27-06-2026 16:26:49
സെക്ഷൻ ഓഫീസർ